**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2411 | 08.12.2015 ൽ മറുപടിക്ക്

***ഡിജിറ്റൽ കേരള പദ്ധതി***

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. വർക്കല കഹാർ**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. എം.എ. വാഹീദ്** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഡിജിറ്റൽ കേരള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി കേരള സർക്കാർ വിവിധ വകുപ്പുകളിലെ ഐ.ടി പദ്ധതികൾ ഡിജിറ്റൽ കേരള എന്ന ഇനിഷിയേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ കേരളയുടെ കീഴിലുള്ള പദ്ധതികൾക്കെല്ലാം അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്തെ ഡിജിറ്റൽ സമൂഹമായി മാറ്റിയെടുക്കുന്നതിനുള്ള വിവിധ പദ്ധതികളാണ് ഡിജിറ്റൽ കേരളയിൽ വിഭാവനം ചെയ്തിട്ടുള്ളത്.<br><br>**<u>ലക്ഷ്യങ്ങൾ</u>**<br>1.സുസ്ഥിര സാമ്പത്തിക വളർച്ച മുൻനിർത്തി നമ്മുടെ സംസ്ഥാനത്തെ ഒരു ഡിജിറ്റൽ പരിജ്ഞാനമുള്ള സമൂഹമാക്കി മാറ്റുക.<br>2.ഡിജിറ്റൽ പരിജ്ഞാനമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിലേക്കായി ചെലവ് കുറഞ്ഞ രീതിയിൽ വിവര സാങ്കേതിക വിദ്യ ലഭ്യമാക്കുക.<br>3.സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, തൊഴിലവസരം വർദ്ധിപ്പിക്കുക.<br>4.ഐ ടി മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുക, കയറ്റുമതി പ്രോത്സാഹിപ്പിക്കുക. |
| (സി) പദ്ധതി നടപ്പാക്കുവാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ഡിജിറ്റൽ കേരളയിൽ ഉൾപ്പെട്ട വിവിധ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ട് ഭരണതലത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിനായി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. 15.08.2015-ൽ കേരളത്തെ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ